(ഡി) നാലുപേർ.

(ഇ) എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്ത് വിവിധ വിഷയങ്ങളെ സംബന്ധിച്ച് അഭിപ്രായങ്ങളും ഉപദേശങ്ങളും നൽകുക മാത്രമാണ് ഇവർ എച്ച്.ഇ.എസ്.-ന് നൽകിവരുന്ന സേവനം.

(എഫ് ആന്റ് ജി) അമ്പത്തിയൊന്ന് പേർക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

(എച്ച്) എച്ച്.ഇ.എസ്. നിയമനങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം ആവശ്യമില്ല.

(ഐ) ഇല്ല.

(ജെ) ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആർക്കാണെന്ന് ഇതുവരെ അന്തിമമായി തീരുമാനിച്ചിട്ടില്ല.

(കെ) എച്ച്.ഡി.എസിന്റെയും എച്ച്.ഇ.എസിന്റെയും ജനറൽ ബോഡി പ്രത്യേകം യോഗം ചേർന്ന് പ്രമേയം പാസ്സാക്കിയാൽ മാത്രമേ ഇവ തമ്മിൽ സംയോജിപ്പിക്കാൻ കഴിയുകയുള്ളു.

മരുന്നുവാങ്ങുന്നതിന് നിലവിലുള്ള സംവിധാനം

124 [1701] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനും വില തിട്ടപ്പെടുത്താനും ഉള്ള സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികളിൽ അത്യാവശ്യം സൂക്ഷിക്കേണ്ട മരുന്നുകൾ എന്തെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവയുടെ ലഭ്യത അതാതു സ്ഥാപനങ്ങളിൽ ഉറപ്പാക്കാൻ ഉള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മരുന്നും ഉപകരണങ്ങളും വാങ്ങാൻ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നുകൾ സി.പി.സി. മുഖേനയാണ് വാങ്ങുന്നത്. സി.പി.സി.-യിൽ ഡി.എച്ച്.എസ്., ഡി.എം.ഇ., ഡയറക്ടർ ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,

LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് കൺട്രോളർ, അഡീഷണൽ സെക്രട്ടറി, ധനകാര്യം, അഡീഷണൽ സെക്രട്ടറി, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയവർ അടങ്ങിയിട്ടുണ്ട്. ഡി.എച്ച്.എസും, ഡി.എം.ഇ.-യും ഓരോവർഷം മാറി മാറി ചെയർമാൻമാരായിരിക്കും. സി.പി.സി. ഓരോ വർഷവും ഇന്ത്യയിലെ പ്രമുഖരായ മരുന്നുല്പാദകരിൽനിന്നും മരുന്നുകളുടെ വിലയും സാമ്പിളുകളും ശേഖരിച്ചശേഷം കമ്പനിയുടെ രേഖകൾ പരിശോധിച്ച് രജിസ്ട്രേഷൻ നൽകി, മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് യോഗ്യതയുള്ള കമ്പനികളുമായി നെഗോഷിയേഷൻ നടത്തി വിലകൾ ഉറപ്പിക്കുന്നു. ഇപ്രകാരം ഉറപ്പിച്ച വിലയ്ക്ക് ഒരു വർഷത്തേക്ക് കമ്പനി മരുന്നു വിതരണം നടത്താൻ ബാദ്ധ്യസ്ഥരാണ്. പർച്ചേസിംഗ് ഓഫീസർമാർ (സൂപ്രണ്ട്, പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ് ആശുപത്രി, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്) (മെഡിക്കൽ ആന്റ് ഫാമിലി വെൽഫയർ) നേരിട്ട് സി.പി.സി. നിശ്ചയിച്ച നിരക്കിൽ തിരഞ്ഞെടുത്ത കമ്പനികളിൽനിന്നും മരുന്നുകൾ വാങ്ങി ഉപയോഗിച്ചുവരുന്നു. മരുന്നുകളുടെ വില ഗുണനിലവാര പരിശോധനയുടെ ഫലം അനുസരിച്ച് കമ്പനികൾക്ക് പർച്ചേസിംഗ് ഓഫീസർമാർ നേരിട്ടു നൽകിവരുന്നു.

(ബി) മരുന്നുകൾ ആദ്യം പ്രീകാളിഫിക്കേഷൻ ടെസ്റ്റിംഗ് നടത്തി ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വാങ്ങുവാനുള്ള കരാർ ഉറപ്പിക്കുന്നത്. ടെസ്റ്റിംഗ് സംബന്ധമായ കാര്യങ്ങൾ ഡ്രഗ്സ് കൺട്രോളറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തുന്നത്. തുടർന്ന് മരുന്നുവിതരണം കമ്പനികൾ ആരംഭിക്കുമ്പോൾ വിതരണം ചെയ്യുന്ന എല്ലാ ബാച്ചുകളും ഡ്രഗ്സ് കൺട്രോളറുടെ മേൽനോട്ടത്തിൽ വീണ്ടും ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളുടെ ഉപയോഗം ഉടൻതന്നെ നിർത്തിവയ്ക്കുകയും പ്രസ്തുത മരുന്നിന്റെ വില കമ്പനികളിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു. തുടർന്ന് ഡ്രഗ്സ് കൺട്രോളർ ഡ്രഗ്സ് കോസ്മെറ്റിക് ആക്റ്റ് അനുസരിച്ച് കമ്പനികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നു. മരുന്നുകളുടെ വില തിട്ടപ്പെടുത്തുന്നത് സി.പി.സി.-യാണ്. മരുന്നുകളുടെ വില മുൻവർഷത്തെ വിലയുമായി താരതമ്യം നടത്തി നെഗോഷിയേഷൻ നടത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങുന്നു.

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും അത്യാവശ്യം സൂക്ഷിച്ചിരിക്കേണ്ട മരുന്നുകളുടെ ലിസ്റ്റ് യഥാക്രമം അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു. †

(ഡി) ഓരോ സ്ഥാപനത്തിലേക്കും ആവശ്യമായ മരുന്നുകൾ ടി സ്ഥാപനത്തിന്റെ ഇന്റന്റ് അനുസരിച്ച് ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വിതരണം ചെയ്യുന്നു. ഏതെങ്കിലും ഒരു മരുന്നിന് ക്ഷാമം അനുഭവപ്പെട്ടാൽ ഉടൻതന്നെ അതു പരിഹരിക്കാൻവേണ്ട നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും കൈക്കൊണ്ടുവരുന്നു. മാത്രമല്ല, മരുന്നുക്ഷാമമുണ്ടായാൽ അതാതു സ്ഥാപനത്തിന്റെ മേധാവിക്ക് ലോക്കൽ പർച്ചേസ് വഴിയും എച്ച്.ഡി.സി. ഫണ്ട് ഉപയോഗിച്ചും അടിയന്തിരഘട്ടങ്ങളിൽ മരുന്നു വാങ്ങാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2002-2003 87,17,26,055 രൂപ

2003-2004 83,72,55,478 രൂപ.

നിർത്തലാക്കിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ

125 [1702] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിനുകീഴിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാതെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ നിർത്താലാക്കി; അവ എതെല്ലാമാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ആരോഗ്യവകുപ്പിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സർക്കാർ സർവീസിൽ നിയമനം ലഭിക്കുന്ന ഡോക്ടർമാർ അതുപേക്ഷിച്ചശേഷം സ്വകാര്യ ആശുപത്രികളിൽ ജോലിക്ക് പ്രവേശിക്കാറുണ്ടോ; എങ്കിൽ ഇത്തരം പ്രവണതയെ നിരുത്സാഹപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(ബി) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ ജില്ലതിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

ജില്ല	ഡോക്ടർമാരുടെ എണ്ണം
തിരുവനന്തപുരം	13
കൊല്ലം	10
പത്തനംതിട്ട	27
ആലപ്പുഴ	30
കോട്ടയം	33
ഇടുക്കി	29
എറണാകുളം	25
തൃശ്ശൂർ	31
പാലക്കാട്	48
മലപ്പുറം	23
കോഴിക്കോട്	18
വയനാട്	14
കണ്ണൂർ	37
കാസർഗോഡ്	42
ആകെ	380

LIBRARY ARCHIVES Kerala Legislative Assembly